പ്രതികരണം

എസ്.എം സൈനുദ്ദീൻ, മന്നം

# മഴവിൽ സമൂഹത്തെ ആർക്കാണ് ഭയം?

**മഴവിൽ** ലോകത്തെ ഉൾക്കൊള്ളാനും അഭിമുഖീകരിക്കാനും ആർക്കാണ് കഴിയുക? എതിർ ശബ്ദങ്ങളുടെ മുഴുവൻ കഴുത്തരിഞ്ഞ് സ്വരമേൽക്കോയ്മയുടെ സവർണ ലോകത്ത് വിരാജിക്കുന്ന മതേതര എഴുത്തുകാർക്കോ? മതേതര തറവാട്ടിലിരുന്ന് ലോകം ഭരിക്കുന്ന മുതലാളിത്ത പ്രഭുക്കന്മാർക്കോ? മുതലാളിത്ത വിരുദ്ധതയുടെ അപ്പോസ്തലന്മാരായ ഇടതു ബുദ്ധിജീവി കേന്ദ്രങ്ങൾക്ക് സാധിക്കുമോ? സാധിക്കുമെന്ന് വാദത്തിനു സമ്മതിച്ചാൽ തന്നെ അനുഭവങ്ങൾ അതിനെ ആയിരം വട്ടം നിഷേധിക്കും.

മഴവിൽ സമൂഹത്തെ അഭിമുഖീകരിക്കാനുള്ള കെൽപും ആർജവവും മുസ്‌ലിംകൾ തുടക്കം മുതലേ ആർജിച്ചിരുന്നു. പ്രവാചകൻ മദീനയിൽ സ്ഥാപിച്ച ഇസ്‌ലാമിക രാഷ്ട്രം മുസ്‌ലിംകളുടെതുപോലെ അന്നാട്ടിലെ ജൂതന്മാരുടെയും ക്രിസ്ത്യാനികളുടെയും ബഹുദൈവാരാധകരുടെയും രാഷ്ട്രമായിരുന്നു. മുസ്‌ലിംകൾ കേവല ന്യൂനപക്ഷമായിരുന്നിട്ടുകൂടി ഒരു ഇസ്‌ലാമിക ഗവൺമെന്റിന്റെ ഏറ്റവും ഉജ്ജ്വല മാതൃക ലോകത്തിന് സമർപ്പിക്കാൻ മുഹമ്മദ് നബിക്ക് സാധിച്ചതു തന്നെ ഇസ്‌ലാമിന്റെ ഔന്നത്യവും ബഹുത്വ സാമൂഹിക ഘടനയോടുള്ള അതിന്റെ ആദരവും വിളിച്ചറിയിക്കുന്നുണ്ട്. സെക്യുലറിസമല്ല, മദീനാ ചാർട്ടർ എന്ന മഴവിൽ സാമൂഹിക ഘടനയുടെ ഭരണ ചട്ടക്കൂടിന് അടിത്തറ പാകിയത് ഇസ്‌ലാമായിരുന്നു എന്ന് സമ്മതിക്കാനുള്ള ബുദ്ധിപരമായ സത്യസന്ധതയാണ് നമ്മുടെ എഴുത്തുകാർക്കില്ലാതെ പോയത്.

ബഹുസ്വരതയെ കുറിച്ച് മതേതര ബുദ്ധിജീവികൾ നടത്തുന്ന ചർച്ചകൾ മതേതര മനോനിലയെ ബാധിച്ച സങ്കുചിതത്വത്തിന്റെ അടയാളമാകാറാണ് പതിവ്. ഇതാകട്ടെ മതേതരത്വത്തിന്റെ ജന്മദോഷമാണ് താനും. ബഹുസ്വരതയെ അംഗീകരിക്കുക, മഴവിൽ ലോകത്തെ സംബോധനം ചെയ്യുക എന്നൊക്കെ കേൾക്കേണ്ട താമസം ഇസ്‌ലാമിനെതിരെ വാളോങ്ങുകയാണ് പുരോഗമന പക്ഷം. എല്ലാ സ്വരങ്ങളും ആകാം എല്ലാ നിറങ്ങളും ആകാം, ഇസ്‌ലാമിന്റെ സ്വരവും നിറവും ആയിക്കൂടന്ന സാംസ്കാരിക മതേതരവാദികളുടെ വാശിയിൽ ഒരപാകവും ആരും കാണുന്നില്ല.

തങ്ങളുടെ കൈയിലുള്ള പുരോഗമന ചിന്തയുടെ വടികൊണ്ട് അവർ ഇസ്‌ലാമിനെ/ഇസ്‌ലാമിക പ്രസ്ഥാനത്തെ മാത്രമേ അടിക്കുന്നുള്ളൂ എന്നതിലെ ദുരൂഹത ഞെട്ടലുളവാക്കുന്നതാണ്. ഇസ്‌ലാമിനോളം വൈവിധ്യങ്ങളെ ഉൾക്കൊള്ളാനും ആദരിക്കാനുമുള്ള കഴിവ് ഏത് ദർശനത്തിനാണുള്ളത്? ചരിത്രത്തിൽ ഇസ്‌ലാം ബഹുവർണങ്ങളെ നിരാകരിച്ചതിനോ വൈവിധ്യങ്ങളെ തകർക്കാൻ ശ്രമിച്ചതിനോ ഒരും തെളിവില്ലെന്നതാണ് പരമാർഥം. എന്നാൽ മതേതര ദർശനങ്ങളും മതവിരുദ്ധ പക്ഷത്ത് നിലയുറപ്പിച്ചവരും മതത്തിനെതിരെ വാളോങ്ങാത്ത ഒരു കാലവും ചരിത്രത്തിൽ ഇന്നോളം ഉണ്ടായിട്ടില്ല.

മതവിരുദ്ധതയുടെ പ്രേതബാധയേറ്റവർ ഇന്നും ഇത് തുടരുകയാണ്. മതംമാറിയ കമലാ ദാസിന് വിലക്ക് പ്രഖ്യാപിച്ചവർ, സംഘ്പരിവാർ പാളയത്തിലേക്ക് കൂടുമാറിയവർക്ക് സാംസ്കാരിക സിംഹാസനങ്ങൾ പതിച്ചുനൽകുന്നതിലെ അപകടം തിരിച്ചറിയുന്നില്ല. സവർണ ഹിന്ദുത്വബോധവും കുരിശുയുദ്ധകാലത്തെ ഇസ്‌ലാം വിരോധവും മനസ്സിൽ കൊണ്ടുനടക്കുന്നവരോട് എന്തിന് സംവദിക്കണം?

സാമൂഹികവും മതപരവുമായ ബഹുത്വത്തെ ഇസ്‌ലാമിന് അഭിസംബോധന ചെയ്യാനാവും എന്ന് സ്ഥാപിക്കുമ്പോൾ, മറ്റൊരു വശം കണ്ടില്ലെന്ന് നടിച്ചിട്ട് കാര്യമില്ല. മുസ്‌ലിം പൊതുബോധം അകപ്പെട്ടുകിടക്കുന്നത് വികലമായ ധാരണകളിലാണ്. അധീനപ്രദേശത്തെ ജനങ്ങളുടെ മതപരവും സാമൂഹികവും രാഷ്ട്രീയവുമായ മുഴുവൻ അവകാശങ്ങളും, വൈവിധ്യങ്ങളെ നിലനിർത്തിക്കൊണ്ടുതന്നെ ഇസ്‌ലാം സംരക്ഷിച്ചിരുന്നു എന്ന വസ്തുത മുസ്‌ലിംകൾക്ക് പോലും വേണ്ടത്ര മനസ്സിലാക്കാനായിട്ടില്ല.

'മദീനാ ചാർട്ടർ' വ്യവസ്ഥ ചെയ്യുന്ന പൗരാവകാശങ്ങളിൽ മത സാമൂഹിക ബഹുത്വത്തിന് അംഗീകാരം നൽകുന്നുണ്ട്. വൈവിധ്യം നിലനിൽക്കെതന്നെ മുഴുവൻ ജനതയെയും മുന്നിൽ കണ്ട് 'നാം ഒരു ഉമ്മത്താണ്'എന്ന് പ്രവാചകൻ പ്രഖ്യാപിച്ചു. ക്ഷേത്രവും ചർച്ചും സിനഗോഗും മസ്ജിദും സംരക്ഷിക്കുന്നതിന് ജിഹാദ് അനുവദിച്ച നിയമസംഹിതയാണ് ഖുർആൻ (22:40). ഇതറിയാത്തവർ മതത്തെ കൈകാര്യം ചെയ്യുന്നതിന്റെ അപകടമാണ് ഇസ്‌ലാമിന്റെ സാമൂഹിക, രാഷ്ട്രീയ പ്രതിനിധാനങ്ങളെ സംശയത്തോടെ നോക്കിക്കാണാൻ പൊതുലോകത്തെ നിർബന്ധിക്കുന്നത്.

രാഷ്ട്രീയ ഉള്ളടക്കമില്ലാത്ത മതത്തിന് ബഹുസ്വരതയെ സഹിക്കാനാവില്ല. ഇസ്‌ലാമിക സ്റ്റേറ്റ് തകർന്നപ്പോൾ ഇസ്‌ലാം മതവും മുസ്‌ലിംകൾ സമുദായവുമായി മാറി. അവശേഷിച്ച ഭാഗത്തിന്റെ മിനുക്കു പണിയാണ് പിന്നെ നടന്നത്. മത വൈവിധ്യങ്ങളോടുള്ള അസഹിഷ്ണുത പുരണ്ട രചനകൾ വിട്ടുവീഴ്ചയില്ലാത്ത കാർക്കശ്യത്തിന്റെ രീതി സ്വീകരിച്ചു. ഇതിൽ ഒന്നാമത്തെ പ്രതി മതത്തെയും ജീവിതത്തെയും വേർത്തിരിച്ച പാശ്ചാത്യ മതേതരത്വമാണ്. 'ദാറുൽ ഇസ്‌ലാം', 'ദാറുൽ കുഫ്റ്', 'ദാറുൽ ഹർബ്' തുടങ്ങിയ തികച്ചും രാഷ്ട്രീയ മാനങ്ങളുള്ള പ്രയോഗങ്ങൾ അധികാരം ദുഷിച്ച രാജഭരണകാലത്തും രാഷ്ട്രം തന്നെ ഇല്ലാതായ ഘട്ടങ്ങളിലും സ്ഥാനത്തും അസ്ഥാനത്തും പ്രയോഗിക്കാൻ തുടങ്ങി. കൊളോണിയൽ കാലത്തെ ഇസ്‌ലാം രചനകളിൽ മതാടിസ്ഥാനത്തിൽ ദാറുൽ ഇസ്‌ലാമും ദാറുൽ ഹർബും തീരുമാനിച്ചുകൊണ്ടുള്ള ഫത്വകൾ ഉണ്ടായി. ഈ 'ഫത്വ'കളുടെ ഭാരം സമുദായം ഇന്നും ചുമന്ന് നടക്കുകയാണ്.

മഴവിൽ ലോകമെന്നത് ഇപ്പോൾ രൂപംകൊണ്ട മഹാത്ഭുതമാണെന്ന വിചാരംതന്നെ പടിഞ്ഞാറിനോടുള്ള വിധേയത്വ ബോധത്തിന്റേതാണ്. പ്രപഞ്ചത്തിന്റെ തന്നെ സവിശേഷതയാണ് വൈവിധ്യം. ജനതകളുടെ മത-സാമൂഹിക രംഗത്തുമുണ്ട് വൈവിധ്യം. ദൈവിക ദൃഷ്ടാന്തമായി ഖുർആൻ അതിനെ സ്ഥാപിക്കുന്നുണ്ട് (30:22). വൈവിധ്യങ്ങൾ നിലനിൽക്കണമെന്നും (11:118) അപ്പോഴും മനുഷ്യരെല്ലാം ഒറ്റ സമുദായമാണെന്നും (2:213) ഖുർആൻ പഠിപ്പിക്കുന്നു.

വിശ്വാസപരമായ വിട്ടുവീഴ്ചകളില്ലാതെയും ധാർമികത കൈവിടാതെയും സമൂഹത്തിനു വേണ്ടി നിലകൊള്ളാനും സമൂഹത്തിന്റെ ഏറ്റവും സക്രിയമായ ഭാഗമാകാനും ജമാഅത്തെ ഇസ്‌ലാമിക്കും അതിന്റെ പോഷക വിഭാഗങ്ങൾക്കും സാധിച്ചിട്ടുണ്ട്. ഇന്ത്യയിലെയും വിശേഷിച്ച് കേരളത്തിലെയും മറ്റേത് മതസംഘടനകളേക്കാളും വിപുലമായ പൊതുബന്ധം ഇസ്‌ലാമിക പ്രസ്ഥാനത്തിനുണ്ട്. "നിങ്ങൾ ജനങ്ങൾക്കായി ഉയിർകൊണ്ട ഉത്തമ സമൂഹം" എന്ന" (3:110) ഖുർആന്റെ പ്രഖ്യാപനത്തിന്റെ ഏറ്റവും നൂതനമായ ആവിഷ്കാരമാകാൻ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് ആർജവമുണ്ട്. ■

smsainudheen@gmail.com